"ഭരണഭാഷ-മാതൃഭാഷ"

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
## ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
### നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - മീനച്ചിൽ ഗ്രാമപഞ്ചായത്ത് -ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം - ലേ-ഔട്ടിന് അംഗീകാരം നൽകി ഉത്തരവാകുന്നത്- സംബന്ധിച്ച്

**പരാമർശം** : 1. ജില്ലാ ടൗൺപ്ലാനറുടെ 30.09.2021 ലെ TCPKTM/440/2021-C നമ്പർ ഉത്തരവ്.
2. ശ്രീ.ജോജോ മാത്യു & ശ്രീമതി. സോണിയ ജോജോ എന്നിവരുടെ 03.12.2021 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ : TCPKTM/634/2021-C/D.Dis** **തീയതി : 16/12/2021**

---

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ, പൂവരണി വില്ലേജിൽ ബ്ലോക്ക് നമ്പർ 40 ൽ റീ സർവേ നമ്പർ 317/1, 317/1-1, 317/1-2, 317/2 എന്നിവയിൽ പെട്ട 14443 $m^2$ സ്ഥലത്ത് ഗ്രൂപ്പ് I (Hazardous) ഒക്കുപെൻസി വിഭാഗത്തിൽ പെടുന്ന ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ (sales building : 46.75 $m^2$, Toilet block : 13.40 $m^2$, Canopy area : 155 $m^2$) നിർമ്മിക്കുന്നതിന് ശ്രീ. ജോജോ മാത്യു & ശ്രീമതി. സോണിയ ജോജോ, മാപ്പലക്കായിൽ, പൂവരണി, പാലാ എന്നിവർക്ക് പരാമർശം-1 പ്രകാരം സ്ഥലത്തിൻറെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ -ഔട്ട് അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ 14443 m2 വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിന്ന് റീ സർവേ നമ്പർ 317/1-1, 317/1-2 ഉൾപ്പെട്ട 30 സെന്റ് ഇപ്പോൾ കൈമാറ്റം ചെയ്തതായും, ആയതിനാൽ കൈമാറ്റം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം കുറച്ച് പുതിയ ലേ ഔട്ട് അംഗീകാരം ലഭിക്കുന്നതിനാണ് പരാമർശം-2 പ്രകാരം അംഗീകാരത്തിനായി പുതിയ അപേക്ഷ നൽകിയിരിക്കുന്നത്. പരാമർശം-2 അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരാമർശം-1 ഉത്തരവ് പ്രകാരം സ്ഥലത്തിൻറെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും നൽകിയ അംഗീകാരം റദ്ദ് ചെയ്യുന്നു.

മീനച്ചിൽ ഗ്രാമ പഞ്ചായത്ത്, പൂവരണി വില്ലേജിൽ ബ്ലോക്ക് നമ്പർ 40 ൽ, റീ-സർവ്വേ നമ്പർ 317/1, 317/1-1, 317/1-2, 317/2 ൽ ഉൾപ്പെട്ട 13227 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിന്നും പ്രത്യേകം വേർതിരിച്ച 1243.20 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ പെട്രോൾ പമ്പ് (Group I - Hazardous occupancy) നിർമ്മിക്കുന്നതിനാണ് പരാമർശം-2 പ്രകാരം അപേക്ഷിച്ചിരിക്കുന്നത്. Canopy, Sales building, toilet block എന്നിവയുടെ വിസ്തീർണ്ണം യാഥാക്രമം 155.00 ചതുരശ്ര മീറ്റർ, 46.75 ചതുരശ്ര മീറ്റർ, 13.40 ചതുരശ്ര മീറ്റർ എന്നിങ്ങനെയാകുന്നു. പരാമർശം-2 അപേക്ഷ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019) ചട്ടം 5(6), 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി Usage of plot and lay-out of buildings അംഗീകാരം നൽകി ഉത്തരവാകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, KPBR -2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി

എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പെൻസി നൽകുവാൻ പാടുള്ളൂ.

2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ – 2019 (KPBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. പ്ലോട്ട് മണ്ണിട്ട് നികത്തുന്നതിന്/മണ്ണ്നീക്കം ചെയ്യുന്നത് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019) ലെ ചട്ടം.79(7) പ്രകാരം In situ liquid waste water management treatment plant and special provisions for re-cycling and re-using of waste water generated out of the use of water സംവിധാനം നൽകുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനവും ഏർപ്പെടുത്തണം.
6. സെപ്റ്റിക് ടാങ്ക്, സോക് പിറ്റ് എന്നിവ നിർദിഷ്ട ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുവാൻ പ്രത്യേകം വേർതിരിച്ച പ്ലോട്ട് അതിർത്തിയിൽ നിന്നും കുറഞ്ഞത് 1.2 മീറ്റർ അകലം (set back) നൽകി നിർമ്മിക്കണം.
7. Fuel tank, vent pipe എന്നിവയുടെ നിർമ്മാണം KPBR-2019, ചട്ടം 47(1) പ്രകാരം Petroleum Rules 1976 ന് അനുസൃതമായിരിക്കണം.
8. നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.പി.ബി.ആർ-2019 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കുവാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 42/2021/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി,**
മീനച്ചിൽ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

**പകർപ്പ്:**

1. ശ്രീ. ജോജോ മാത്യു & ശ്രീമതി. സോണിയ ജോജോ, പൂവത്താനി മാപ്പേകയിൽ, പൂവരണി, കോട്ടയം
2. അധികം –1

S15122021